# ധ്വനി

## സെന്റ് .സേവിയേഴ്സ് ഹയർസെക്കണ്ടറി സ്കൂൾ

## ചെമ്മണ്ണാർ

## 2019-20



# സ്വാഗതം



# എഡിറ്റോറിയൽ ബോർഡ്




- എഡ്‌വിൻ ജോയ്
- റോഷൻ എ
- ജെൻസ് ബിജു
- ആൽബിൻ എൽദോസ്
- ആഷ്‌ബിൻ സെബാസ്റ്റ്യൻ

# എഡിറ്റോറിയൽ

ലോകം തിരിച്ചറിയാതെ പോയ എത്രയോ പ്രതിഭകൾ ........ ആ നഷ്ടം അവരിൽ മാത്രം ഒതുങ്ങുന്നതല്ല .അത് സന്മനസുകളുടെയും ലോകത്തിന്റെയും നഷ്ടമാണ് . അതുകൊണ്ടു തന്നെ വിദ്യാലയ അന്തരീക്ഷത്തിൽ നാളെയുടെ പ്രതിഭകൾക്ക് നൽകുന്ന അവസരമാണ് ഈ മാസിക . മണ്ണിനെയും വിണ്ണിനെയും പൂക്കളെയും പൂമ്പാറ്റകളെയും സ്നേഹിക്കുന്ന ലിറ്റിൽ കൈറ്റ്സ് ന്റെ കുഞ്ഞാറ്റകൾ അണിയിച്ചൊരുക്കിയ "ധ്വനി" സാഹിത്യ ലോകത്തിനു ഒരു മുതൽ കൂട്ടാണ് .സാഹിത്യമനസിന്റെ വാതായനങ്ങൾ നമുക്ക് മലർക്കെ തുറക്കാം. ജാലക പഴുതിലൂടെ എത്തിനോക്കുന്ന ഉദയാർക്കനേയും അസ്തമയത്തെ ചേക്കേറാൻ വീമ്പുന്ന കുഞ്ഞിക്കിളികളെയും നീലാകാശത്ത മിന്നിമിന്നിത്തെളിയുന്ന നക്ഷത്രങ്ങളെയും നമ്മുക് ചങ്ങാതിമാരാക്കാം . ജീവിതമാകുന്ന പുസ്തകത്താളുകളിൽ സുവർണ്ണ ലിപികളാൽ സാഹിത്യ രചനകൾ നമുക്ക് എഴുതിച്ചേർക്കാം .നാളെയുടെ വാഗ്ദാനങ്ങളായ എന്റെ എല്ലാ സുഹൃത്തുക്കൾക്കും ആശംസകളോടെ ............................

ചീഫ് .എഡിറ്റർ

**ആൽബിൻ എൽദോസ്**



# സ്കൂൾ മാനേജർ



## റവ.ഫാ.മാത്യു ചെറുപറമ്പിൽ

# ആശംസ

**അ**നുദിനം വികസിച്ചു കൊണ്ടിരിക്കുന്ന വിവര വിനിമയ സാങ്കേതികവിദ്യയുടെ വിസ്മയലോകത്തേക്കും അതിനധിഷ്ഠിതമായ പഠനാനുഭവങ്ങളിലേക്കും കുട്ടികളെ കൈ പിടിച്ചുയർത്താൻ പൊതു വിദ്യാഭ്യാസ വകുപ്പ് ഹൈ ടെക് വിദ്യാലയങ്ങളിലെ കുട്ടികൾക്കായി ഒരുക്കിയിരിക്കുന്ന ഐ ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് തയാറാക്കുന്ന ധ്വനി എന്ന മാസികയ്ക്ക് എല്ലാ ആശംസകളും നേരുന്നു. വിവര വിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകാരണങ്ങളും പരിചയപ്പെടുകയും അതിലൂടെ സാങ്കേതിക മേഖലയിലെ വിവിധ രംഗങ്ങൾ പരിചയപ്പെടുന്നതിനും കുട്ടികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങളുടെ ഐ ടി കൂട്ടായ്മയുടെ പരിശീലനഫലമായ വിവിധ കഴിവുകളും സാങ്കേതിക മികവുകളും ഡിജിറ്റൽ മാസികയുടെ രൂപത്തിൽ അവതരിപ്പിക്കുമ്പോൾ തുടർന്നും വിവര വിനിമയ സാങ്കേതികവിദ്യയുടെ ലോകത്തേയ്ക്ക് പറന്നുയരാൻ ലിറ്റിൽ കൈറ്റ്സ് നു സാധിക്കട്ടെയെന്നു ആശംസിക്കുന്നു.

എന്ന്


**ജോസഫ് ജോൺ**

**(ഹെഡ് മാസ്റ്റർ)**



*ലേഖനം സൂര്യനന്ദ സാബു

# ശാസ്ത്രപുരോഗതി ലോകനന്മയ്ക്ക്




ശാസ്ത്രം രക്ഷകനോ ശിക്ഷകനോ?ഈ ചോദ്യം മനുഷ്യന്റെ മുമ്പിൽ മുഴങ്ങാൻ തുടങ്ങിയിട്ട് കുറേ നാളുകളായി.നേട്ടങ്ങളുടെ പട്ടിക ഉയർത്തിക്കൊണ്ട് ശാസ്ത്രം വിജയത്തിലേക്ക് കുതിച്ച് പായുമ്പോൾ,മനുഷ്യൻ ആഹ്ലാദം കൊള്ളുന്നു.ശാസ്ത്രത്തിന്റെ സഹായത്തോടെ ജീവിതം സുഖകരമാക്കാൻ ശ്രമിക്കുന്നു.അതേ സമയം ശാസ്ത്രം വരുത്തിവയ്ക്കുന്ന ആപത്തുക്കളെക്കുറിച്ച് ആശങ്കപ്പെടുകയും ചെയ്യുന്നു.യഥാർത്ഥത്തിൽ ശാസ്ത്രം മനുഷ്യന് രക്ഷയാണോ ശിക്ഷയാണോ നൽകുന്നത് എന്ന ചോദ്യം ഉയരുന്നത് ഇവിടെയാണ്.ഗുണദോഷങ്ങളുടെ സമ്മേളന കണ്ടെത്തി വളർത്താനും,തിന്മകളെ തിരിച്ചറിഞ്ഞ് തിരുത്താനും കഴിയുമ്പോഴാണ് മനുഷ്യവർഗത്തിനും ലോകത്തിനും ഉപകാരപ്രദമായിത്തീരുന്നത്. ശാസ്ത്രപുരോഗതിയുടെ കാര്യത്തിലും ഈ തത്വം ബാധകമാണ്.വൈദ്യശാസ്ത്രരംഗത്തും, കാർഷികരംഗത്തും ശാസ്ത്രീയ പരീക്ഷണങ്ങളും നേട്ടങ്ങളും ഇന്ന് വലിയ മുതൽക്കൂട്ടായി മാറുന്നു.കമ്പ്യൂട്ടറിന്റെയും റോബോട്ടിന്റെയുമൊക്കെ കണ്ടുപിടിത്തം മനുഷ്യന്റെ അധ്വാനം കുറയ്ക്കാൻ കാരണമയിട്ടുണ്ട്.അപകടകരമായ പല ജോലികളും ചെയ്യാൻ യന്ത്രമനുഷ്യന് സാധിക്കും.വീടുകളുലെ നവീനോപകരണങ്ങൾ ജോലിഭാരം കുറയ്ക്കാൻ ഉപകരിക്കുന്നതാണ്.വ്യവസായരംഗമാവട്ടെ ശാസ്ത്രത്തിന്റെ സഹായത്തോടെ മാത്രമേ നിലനിൽക്കുന്നുള്ളൂ എന്നതാണ് സത്യം.ടെലിവിഷനും കമ്പൂട്ടറും ഇന്റർനെറ്റുമാണ് ഇനി വരുന്ന നാളുകളിലെ മുഖ്യ പഠനോപകരണങ്ങൾ.

എന്നാൽ ഇപ്പറഞ്ഞയെല്ലാം ശാസ്ത്രത്തിന്റെ ഒരു വശം മാത്രമേ ആകുന്നുള്ളൂ. നേട്ടങ്ങൾ പോലെ കോട്ടങ്ങളും എണ്ണി എണ്ണി പറയാനുണ്ട്.ശാസ്ത്രത്തിന്റെ കഴിവുകളെ കിരാതവും ക്രൂരവുമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതയാണ് നമ്മെഭയപ്പെടുത്തുന്നത്. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങളിൽ മാനവരാശി അത് അനുഭവിച്ചറിഞ്ഞതാണ്. തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള യന്ത്രവത്കരണവും മറ്റൊരു വിപത്താണ്.

എന്നാൽ ഇതിന്റെയെല്ലാം ഉത്തരവാദിത്വം ശാസ്ത്രത്തിനല്ല, മനുഷ്യനതന്നെയാണ്. ശാസ്ത്രത്തെ വൾർത്തുന്ന മനുഷ്യൻ തന്നെ അതിനെ യഥോചിതം കൈകാര്യം ചെയ്യണം.ചുരുക്കത്തിൽ ശാസ്ത്രം സ്വയം രക്ഷകനോ ശിക്ഷകനോ ആകുന്നില്ല.മനുഷ്യന്റെ ഇച്ഛാശക്തിയും ധർമ്മബോധവും ചേർന്ന് ശാസ്ത്രപുരോഗതിയെ നന്മയ്ക്ക് വേണ്ടി ഉപയോഗിച്ചാൽ മതി.അപ്പോൾ ശാസ്ത്രം രക്ഷയുടെയും വളര്ച്ചയുടെയും സമാധാനത്തിന്റെയും ഉപകരണമായി മാറും.

***ഇന്ത്യയുടെ ശാസ്ത്ര മുന്നേറ്റം** **ജോസഫ് കെ ജെയിംസ്**

## ചന്ദ്രയാൻ - 2




ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ഏറ്റെടുത്ത് നിർമിക്കാൻ തീരുമാനിച്ച രണ്ടാമത്തെ ചാന്ദ്രവിക്ഷേപണ ദൗത്യമാണ് ചന്ദ്രയാൻ -2 ഈ ദൗത്യത്തിന്റെ ചിലവ് 948 കോടി രൂപയാണ്. ചാന്ദ്രപേടകവും ലാന്ററും റോവറും അടങ്ങുന്ന ചന്ദ്രയാൻ 2 , ജി.എസ്.എൽ.വി 3 വിക്ഷേപണ വാഹനം ഉപയോഗിച്ചാണ് വിക്ഷേപിച്ചിട്ടുള്ളത്. ചക്രങ്ങൾ ഘടിപ്പിച്ച റോവർ ചന്ദ്രോപരിതലത്തിലെ പാറയുടെയും മണ്ണിന്റെയും തത്സമയ രസതന്ത്ര പഠനത്തിന് സഹായിക്കും എന്ന ലക്ഷ്യത്തോടെയാണ് നിർമിച്ചത്.ഈ വിവരങ്ങൾ ചന്ദ്രയാൻ 2 പേടകത്തിന്റെ സഹായത്തോടെ ഭൂമിയിലേക്ക് അയക്കപ്പെടുകയും ചെയ്യും.ചന്ദ്രയാൻ 1-ന്റെ വിജയത്തിനു കാരണമായ ഡോ.മയിൽസ്വാമി അണ്ണാദുരൈയുടെ നേതൃത്തിലുള്ള ദൗത്യസംഘമാണ് ചന്ദ്രയാൻ 2 ന് വേണ്ടി പ്രവർത്തിച്ചത്. ചാന്ദ്രജലത്തിന്റെ സ്ഥാനവും സമൃദ്ധിയും മാപ്പ് ചെയ്യുക എന്നതായിരുന്നു പ്രധാന ശാസ്ത്രീയ ലക്ഷ്യം.

എന്നാൽ സെപ്റ്റംബർ 7 നു പുലർച്ചെ നടന്ന സോഫ്റ്റ് ലാൻഡിങ്ങിന്റെ അവസാനഘട്ടത്തിൽ ചന്ദ്രോപരിതലത്തിനു 2.1 കിലോമീറ്റർ ഉയരത്തിൽ വെച്ച് വിക്രം ലാൻഡറുമായുള്ള ബന്ധം ചന്ദ്രയാൻ 2 ന്റെ പ്രധാനഭാഗമായ ഓർബിറ്ററിനു നഷ്ടപ്പെട്ടു.ഇതേ ദിവസം രാവിലെ 1.23 നു ചന്ദ്രോപരിതലത്തിൽ ഇറങ്ങുവാൻ ആയിരുന്നു പദ്ധതി ഉണ്ടായിരുന്നത്.

എന്നിരുന്നാലും ഇന്ത്യക്കാരായതിൽ നമുക്ക് അഭിമാനിക്കാം.ഇന്ത്യയുടെ ശാസ്ത്രസാങ്കേതിക മികവിൽ നമുക്ക് സന്തോഷിക്കാം,അതിൽ വിശ്വാസമർപ്പിക്കാം.



# യാത്രാമംഗളങ്ങൾ

## ശ്രീ .ജോസഫ് ജോൺ (ബെന്നി സാർ)

അനശ്വരതയെ സ്പർശിച്ച നിൽക്കുന്ന ഗിരി ശിഖരം പോലെ 36 വർഷത്തെ ഉൽകൃഷ്ടമായ സേവനത്തിനു ശേഷം ഇടുക്കി ജില്ലയുടെയും, രൂപതയുടെയും വിദ്യാഭ്യാസ മേഖലയിൽ അവിശ്വസിനീയമായ മാറ്റങ്ങൾ സൃഷ്ടിച്ച നവോദ്ധാന നായകനായ ചെമ്മണ്ണാറിന്റെ ബെന്നി സാറിന് യാത്രാമംഗളങ്ങൾ.

സമൂഹത്തിലെ നാനാ തുറകളിലുള്ള തന്റെ വിദ്യാർത്ഥികളുടെ ഹൃദയം കവർന്ന ഗുരു. ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ 1963 ൽ ചിമ്മിനിക്കാട്ട് ഉലഹന്നാൻ -ചിന്നമ്മ ദമ്പതികളുടെ അഞ്ചുമക്കളിൽ രണ്ടാമനായി ജനിച്ചു. ചെമ്മണ്ണാർ സെന്റ് സേവിയേഴ്സ് സ്കൂളിലെ പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം കുമാരമംഗലം എം കെ എൻ എം ഹൈസ്കൂളിൽ നിന്നും ഉയർന്ന മാർക്കോടെ sslc പാസായി. മൂവാറ്റുപുഴ നിർമല കോളേജിൽ നിന്നും പ്രീഡിഗ്രി പാസായശേഷം 1989 ൽ വാഴക്കുളം സെന്റ് ജോർജ് ടി ടി ഐ നിന്നും ടി ടി സി പാസായി. ശേഷം തന്റെ മാതൃ വിദ്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു.ഒമ്പതര വര്ഷം നീണ്ട പ്രൈമറി സ്കൂൾ അധ്യാപനത്തിനു ശേഷം തന്റെ സ്വപ്ന സാക്ഷാത്കാരത്തിനായി മലയാള സാഹിത്യത്തിൽ ബിരുദവും,ബിരുദാനന്തര ബിരുദവും,ബി എഡും മഹാത്മാ ഗാന്ധി,കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നുമായിനേടി.സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്(SET) പാസ്സായി. തുടർന്ന് ഹൈസ്കൂൾ വിഭാഗത്തിൽ അധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചു.

ദീർഘ 12 വർഷത്തെ സേവനത്തിനു ശേഷം ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രധാന അധ്യാപകനായി നിയമിതനായി .മികച്ച വിദ്യാലയത്തിനുള്ള ഇടുക്കി രൂപതയുടെ അംഗീകാരം സ്കൂളിന് നേടിക്കൊടുത്തു .പിന്നീട് റവ.ഫാ.ജോസ് പ്ലാച്ചിക്കലച്ചന്റെ നിർദ്ദേശ പ്രകാരം മാതൃവിദ്യാലയത്തിൽ പ്രധാന അധ്യാപകനായി മടങ്ങിവന്നു.ഏഴ് വർഷത്തിന് ശേഷം പാറത്തോട് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ നിയമിതനായി. നൂറുമേനി വിജയത്തിനൊപ്പം 16 സ്മാർട്ട് ക്ലാസ് മുറികൾ,രണ്ടു സ്കൂൾ ബസ്സുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ. 15 വർഷക്കാലം മാതൃവിദ്യാലയത്തിൽ പ്രധാന അധ്യാപകനായി തുടരവേ "കെയ്സൺ" 2010 എന്ന 10 വർഷത്തെ സ്കൂളിന്റെ മാസ്റ്റർ പ്ലാൻ തയാറാക്കി. ഹൈസ്കൂൾ,ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്കു പുതിയ ബ്ലോക്ക്,7 സ്കൂൾ ബസ്സുകൾ,ആധുനിക സൗകര്യമുള്ള ലാബുകൾ,ലൈബ്രറി,സ്കൂൾ ബാൻഡ്,ടാലെന്റ് ക്ലബ് ,എൽ.പി വിഭാഗംകുട്ടികൾക്കായി കേരളത്തിൽ ആദ്യത്തെ "BLAZE"എന്ന വിദ്യാർത്ഥി സംഘടന, പി എസ് സി കോച്ചിങ് തുടങ്ങിയ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് മികവാർന്നു.

2010 -11 അധ്യയന വർഷത്തെ രൂപതയിലെ മികച്ച അധ്യാപകനുള്ള അവാർഡ് ,2012 -11 ലെ മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് തുടങ്ങിയവ വിദ്ധ്യാലയത്തിന് അഭിമാന നേട്ടമായി ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിൽ അംഗം ,പി.എസ് ടി എ അധ്യാപക സംഘടനയുടെ ജില്ലാ സെക്രട്ടറി ,വിൻസെന്റ് ഡി പോൾ രൂപത ഭാരവാഹി, ടീച്ചേർസ് ഹൌസിംഗ് സൊസൈറ്റി വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച ജോസഫ് ജോൺ സർ ഒരു മികച്ച കർഷകൻ കൂടിയാണ്.തന്റെ ജന്മനാടിനും മാതൃ വിദ്യാലയത്തിനും വേണ്ടി നിലകൊണ്ട മനുഷ്യസ്നേഹത്തിന്റെ ആൾരൂപമായ ഈ പവിത്ര തേജസിന് പ്രണാമം .........



# സിസ്റ്റർ ജാസ്മിൻ SH

**അ**ക്ഷരനഗരിയായ കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ അമ്പാറനിരപ്പേൽ പുന്നപ്ലാക്കൽ കുടുംബത്തിൽ വർക്കി -മറിയം ദമ്പതികളുടെ ഏഴാമത്തെ മകളായി ജനിച്ചു.പ്രാഥമിക വിദ്യാഭ്യാസം പാലാ മരിയങ്ങാനം സ്കൂളിൽ .തുടർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1981 ൽ കോതമംഗലം എസ് .എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ പരിശീലനം പൂർത്തിയാക്കി വ്രതവാഗ്ദാനം ചെയ്തു .മൂവാറ്റുപുഴ നിർമല കോളേജിൽ നിന്ന് സുവോളജിയിൽ ബിരുദവും ,തേവര സേക്രട്ട് ഹാർട്ട് കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി.ബി എഡ് ,എം ഫിൽ പഠനവും പൂർത്തിയാക്കി.തുടർന്ന് 1995 ൽ പൂയം കുട്ടി സ്കൂളിൽ അധ്യാപന നിയമനം നേടി.പിന്നീട് മുതലക്കോടം സെന്റ്.ജോർജ് സ്കൂളിലും,ആയവന സ്കൂൾ ,കാന്തിപ്പാറ സെന്റ്.സെബാസ്റ്റ്യൻ ,മൈലക്കൊമ്പ് സെന്റ്.റീത്താസ്,പൊന്മുടി സെന്റ് മേരീസ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. 20 വർഷത്തിൽ 13 വര്ഷം ചെമ്മണ്ണാറിൽ ആയിരുന്നു.

ദൈവ സ്തുതിയുടെ ഏറ്റവും മഹത്തരമായ മാർഗം സംഗീതമാണ്. സിസ്റ്റർ ഒരു മികച്ച ഗായിക കൂടിയാണ് .അധ്യാപന ജീവിതത്തിലും സന്യാസ ജീവിതത്തിലും തന്നെ ഏൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ വിശ്വസ്തതാപൂർവം പൂർത്തിയാകാൻ സിസ്റ്റർ എന്നും ശ്രദ്ധിച്ചിരുന്നു. ചെമ്മണ്ണാർ, പൊന്മുടി, മൈലാടുംപാറ എന്നി മഠങ്ങളിൽ സുപ്പീരിയർ ആയി സേവനമനുഷ്ഠിച്ചു. സഹപ്രവർത്തകരോടും അധികാരികളോടും തികഞ്ഞ എളിമയും വിനയവും കാറ്റത് സൂക്ഷിച്ച സിസ്റ്റർ അധ്യാപനത്തെ പരിപാവനമായ തപസായി കണ്ടിരുന്നു.അധ്യാപന സപര്യയുടെ പരിസമാപ്തിയിൽ എത്തുന്ന ഈ അവസരത്തിൽ സിസ്റ്ററിനൊടുള്ള നന്ദിയും ആദരവും അർപ്പിക്കുന്നു.

# സിസ്റ്റർ ആനീസ് SH




ഹരിത സുന്ദര ഹൈറേഞ്ചിന്റെ ഹൃദയമായ കല്ലാർകുട്ടി എന്ന കൊച്ചു ഗ്രാമത്തിൽ ഇലവുംകുന്നേൽ കുടുംബത്തിൽ എബ്രഹാം -അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ ആറാമത്തെ മകളായി ആനീസ് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കല്ലാർകുട്ടി സെന്റ് ജോസഫ് എൽ .പി സ്കൂളിലും തുടർവിദ്യാഭ്യാസം കത്തിപ്പാറ ഗവണ്മെന്റ് യു .പി സ്കൂളിലും വെള്ളത്തൂവൽ ഗവണ്മെന്റ് ഹൈസ്കൂളിലുമായി പൂർത്തിയാക്കി.പ്രീഡിഗ്രി പഠനത്തിന് ശേഷം 1982-ൽ കോതമംഗലം രൂപതയിലെ എസ് .എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ പരിശീലനം പൂർത്തിയാക്കി സിസ്റ്റർ ആനീസ് ഇലവുംകുന്നേൽ വ്രതവാഗ്ദാനം ചെയ്തു .തുടർന്ന് കോട്ടയം,ഗോവ,ബാംഗ്ലൂർ എന്നിവിടങ്ങളിൽ ദൈവ ശാസ്ത്ര പഠനം നടത്തുകയും ബിബ്ലിക്കൽ തിയോളജിയിൽ മാസ്റ്റർ ബിരുദം നേടുകയും ചെയ്തു .

1995 -ൽ മൈലക്കൊമ്പ് സെന്റ്.റീത്താസ് സ്കൂൾ,സെന്റ്. മേരീസ് സ്കൂൾ പൊന്മുടി, ലിറ്റിൽ ഫ്ലവർ സ്കൂൾ ഉന്നുകൾ തുടങ്ങിയിടങ്ങളിൽ സേവനം അനുഷ്ഠിച്ചു.2004 ൽ വാഴത്തോപ്പ് സ്കൂളിൽ സ്ഥിര നിയമനം ലഭിച്ചു. 2013 ൽ ചെമ്മണ്ണാർ സ്കൂളിൽ മലയാളം അധ്യാപികയായി നിയമനം ലഭിച്ചു. അധ്യാപന ജീവിതത്തിലും സന്യാസ ജീവിതത്തിലും തന്നെ ഏൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ വിശ്വസ്തതാപൂർവം പൂർത്തിയാകാൻ സിസ്റ്റർ എന്നും ശ്രദ്ധിച്ചിരുന്നു.ഇടുക്കി എസ് . എച്ച നവജ്യോതി പ്രൊവിൻസ് രൂപം കൊണ്ട അവസരത്തിൽ എഡ്യൂക്കേഷൻ കൗൺസിലർ ആയി വർക് ചെയ്തു.


കൂടാതെ ചെമ്മണ്ണാർ,രാജകുമാരി എന്നി മഠങ്ങളിൽ സുപ്പീരിയർ ആയി സേവനമനുഷ്ഠിച്ചു. അധ്യാപന സപര്യയുടെ പരിസമാപ്തിയിൽ എത്തുന്ന ഈ അവസരത്തിൽ സിസ്റ്ററിനൊടുള്ള നന്ദിയും ആദരവും അർപ്പിക്കുന്നു.

ആൽഫിയാ വിൻസെന്റ്



" ശ്രമത്തിലല്ല
ഫലപ്രാപ്തിയിലാണ്
സംതൃപ്തി ഉളവാകുന്നത്.
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണവിജയമാകുന്നു"

മഹാത്മാ ഗാന്ധി




'പരാജയമെന്നത് നിങ്ങൾക്ക്
കൂടുതൽ കരുത്തോടെ
തിരിച്ചുവരാനുള്ള
അവസരമാണ്."

ഹെൻറി ഫോഡ്

***അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും മഹാനായ പ്രസിഡന്റായ വളർന്ന അബ്രഹാം ലിങ്കണിന്റെ ആവേശകരമായ ജീവിത കഥ.**

## അബ്രഹാം ലിങ്കൺ



അമേരിക്കൻ ഐക്യനാടുകളുടെ 16ാംപ്രസിഡന്റായിരുന്ന അബ്രഹാം ലിങ്കൺ.അമേരിക്കൻ സിവിൽ യുദ്ധകാലത്ത് രാജ്യത്തെ വിജയകരമായി മുന്നോട്ടു നയിച്ച നേതാവായിരുന്ന അദ്ദേഹം.അമേരിക്കയിലെ അടിമത്തത്തിനെതിരെയുള്ള പോരാട്ടത്തിന്റെ മുഖ്യനായകനായിരുന്ന അദ്ദഹം.1860 ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച അദ്ദേഹം പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നതിനു മുൻപ് അഭിഭാഷകൻ,നിയമസഭാസാമാജികൻ,പോസ്റ്റ്മാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.


1809 ഫെബ്രുവരി 12 ന് ജനിച്ചു.കെന്റക്കയിൽ ജനിച്ച ലിങ്കൺ പടിഞ്ഞാറൻ അതിർത്തിയിലെ ഒരു ദരിദ്ര കുടുംബത്തിലാണ് വളർന്നത്.അദ്ദേഹത്തിന്റെ വിദ്യാഭ്യാസ നേട്ടങ്ങളെല്ലാം തന്നെ സ്വയമേയുള്ളതായിരുന്നു.ഒരു യുവാവായിരുന്ന ലിങ്കൺ,തങ്ങളുടെ കുടുംബത്തിന്റെ അതിർത്തി ജീവിതവുമായി ബന്ധപ്പെട്ട കഠിനജോലി ഇഷ്ടപ്പെട്ടിരുന്നില്ല.വായന,എഴുത്ത്,കവിതാരചന തുടങ്ങിയവയിൽ മുഴുകിയിരുന്ന ലിങ്കൺ ഒരു അലസനായിരുന്നു എന്ന് അദ്ദേഹത്തിന്റെ അയൽ വാസികളും കുടുംബാംഗങ്ങളും ചിന്തിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു.തൊഴിൽ ചെയ്യാതിരിക്കാനുള്ള മാർഗ്ഗമായി അവർ അദ്ദേഹത്തിന്റെ ഇത്തരം പ്രവർത്തികൾ ചിത്രീകരിച്ചു.ശാരീരിക അദ്ധ്വാനമുള്ള ജോലി അദ്ദേഹം ഇഷ്ട്പ്പെടാതിരുന്നതിനാൽ അദ്ദേഹത്തിന്റെ രണ്ടാനമ്മയും ഇത് വകവച്ച് കൊടുത്തിരുന്നു.ശരിയായ ഔപചാരിക വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യമില്ലാതിരുന്ന ലിങ്കൺ കൂടുതലായും വിദ്യാഭ്യാസം സ്വയമേ ആർ ജ്ജിക്കുകയായിരുന്നു.വായനയിൽ അത്യധികം തത്പരനായിരുന്ന അദ്ദേഹം.കൗമാരപ്രായത്തിലേക്ക് കടക്കവേ കുടുംബത്തിലെ ആണ്കുട്ടി ഒരാൾ എന്ന നിലയിൽ അദ്ദേഹം തന്നിൽനിന്ന് കുടുംബം പ്രതീക്ഷിച്ച വീട്ടുജോലികൾ എല്ലാം ഏറ്റെടുത്തിരുന്നു.വീട്ടിനു പുറത്തുള്ള ജോലിയിൽ നിന്ന് ലഭിക്കുന്ന വരുമാനം 21 വയസ്സ് വരെ അദ്ദേഹം തന്റെ പിതാവിനെ ഏൽപ്പിച്ചിരുന്നു.പിന്നീട് പല കച്ചവടങ്ങൾ നടകത്തിയും പ്രാദേശിക ജനപ്രീദി നേടിയും തന്റെ സാമ്പത്തികനില മെച്ചപ്പെടുത്തി അദ്ദേഹം സ്വയം പഠനം നടത്തി അഭിഭാഷകനായി.1834 ലെ തന്റെ രണ്ടാമത്തെ പ്രചാരണപ്രവർത്തനം ഒരു വിജയമായിരുന്നു.സംസ്ഥാന നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ അദ്ദേഹം വിജയിച്ചു.ഒരു വിഗ്ഗ് സ്ഥാനാർത്ഥായായാണ് അദ്ദേഹം വിജയിച്ചതെങ്കിലും കൂടുതൽ ഡെമോക്രാറ്റുകളും അദ്ദേഹത്തെ കൂടുതൽ ശക്തനായ വിഗ്ഗ് പോരാളിയായി അംഗീകരിച്ചു.

1865 ഏപ്രിൽ 15 ന് വാഷിങ്ങ്ടൺ ഡി.സി ഇൽ വച്ച് അദ്ദേഹം മരണമടഞ്ഞു.

***കാലുകൾ ചലിപ്പിക്കാതെ നമ്മെ ചുറ്റി സഞ്ചരിക്കാൻ സഹായിക്കുന്ന ഉപാധികളാണ് പുസ്തകങ്ങൾ. ലോകത്തെക്കുറിച്ചും ശാസ്ത്രത്തെക്കുറിച്ചും ഒക്കെ പുസ്തകങ്ങൾ നൽകുന്ന അറിവ് അവർണ്ണനീയമാണ്. ഇതാ അത്തരത്തിൽ നമ്മെ സഹായിക്കുന്നതിനായി ഒരു ചോദ്യശേഖരം.**

# ക്വിസ് കോർണർ

## *പൊതുവിജ്ഞാനം




1.വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നതാര്?

ഹിപ്പോക്രാറ്റസ്.

2.ആഷസ് കത്ത് എന്തുമായി ബന്ധപ്പെട്ടതാണ്?

ക്രിക്കറ്റ്

3.നമ്മുടെ ദേശീയഗാനം രചിച്ചതാര്?

രവീന്ദ്രനാഥ് ടാഗോർ

4.ഇന്ത്യയിലെ ആദ്യത്തെ ബഹിരാകാശ സഞ്ചാരി ആര്?

കൽപ്പന ചൗള

5.ഭൂമിയോട് ഏറ്റവും അടുത്തു നിൽക്കുന്ന ഗ്രഹം?

ശുക്രൻ

6.ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യഭ്യാസം കൊണ്ടുവന്നതാര്?

മെക്കാളെ പ്രഭു.

7.നാല് രാജ്യങ്ങളുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഇന്ത്യൻ സംസ്ഥാനമേത്?

ജമ്മുകാശ്മീർ

8.റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിലവിൽ വന്ന വർഷം?

1935

9.പിൻകോഡ് നടപ്പിലാക്കിയ വർഷം?

1972

10.ഇന്ത്യയിൽ പഞ്ചവത്സര പദ്ധതി നടപ്പിലാക്കിയതാര്?

ജവഹർലാൽ നെഹറു

11.ലോകത്തിലെ ഏറ്റവും വലിയ സമുദ്രം?

പസഫിക്ക്

12.അഗതികളുടെ വിശുദ്ധ എന്ന് അറിയപ്പെടുന്നതാര്?

വി.മദർ തെരേസ

13.നാണയങ്ങളെക്കുറിച്ചുള്ള പഠനം?

ന്യൂമിസ്മാറ്റിക്സ്

14. ടൈറ്റാനിക്ക് ദുരന്തം നടന്നതെന്ന്?

1912 ഏപ്രിൽ 15

15.ഇന്ത്യയിലെ ഏറ്റവും വലിയ കായിക പുരസ്കാരം?

രാജീവ് ഗാന്ധി ഖേൽ രത്ന അവാർഡ്

16.റോബോട്ടുകളുടെ നാട്?

ജപ്പാൻ

17.സുനാമികളുടെ നാട്?

ഇന്തോനേഷ്യ

18.സമുദ്രമാർഗം ലോകം ചുറ്റിക്കറങ്ങിയ ആദ്യമലയാളി?

ക്യാപ്റ്റൻ അഭിലാഷ് ടോമി

19.കേരളത്തിലെ ആദ്യ വിദ്യാഭ്യാസ മന്ത്രി?

ജോസഫ് മുണ്ടശ്ശേരി.

20.ബ്രിട്ടീഷ് ആധിപത്യത്തിന് തുടക്കമിട്ട വർഷം?

പ്ലാസി യുദ്ധം

21.ചന്ദ്രനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്ര ശാഖയ്ക്ക് പറയുന്ന പേര്?

സെലനോളജി

22.WiFi ദിനം എന്ന്?

നവംബർ 8

23.ഇന്ത്യൻ പ്ലാനിംങ്ങ് കമ്മീഷന്റെ പുതിയ പേര്?

നീതി ആയോഗ്.

24.ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്?

രാജാറാം മോഹൻ റോയി

25.ലോക ജനസംഖ്യ ദിനം?

ജൂലൈ 11

26.എടയ്ക്കൽ ഗുഹ സ്ഥിതിചെയ്യുന്ന കേരളത്തിലെ ജില്ല?

വയനാട്

27.ഇന്ത്യൻ റെയിൽവേയുടെ സ്ഥാപകൻ?

ഡൽഹൗസി പ്രഭു.

28.സിൽവർ വിപ്ലവം എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?

മുട്ട ഉല്പാദനം

29.ദേശീയ തപാൽ ദിനെ എന്ന്?

ഒക്ടോബർ 10

30.ഓസ്കാർ അവാർഡ് നേടിയ ആദ്യ ഇന്ത്യൻ?

ഭാനു അത്തയ്യ

31.ക്ലോണിംഗിന്റെ പിതാവ് എന്ന് അറിയപ്പെടുന്നതാര്?

ഇവാൻ വിൽമുട്ട്

32.ഏഷ്യയുടെ പ്രകാശം എന്ന് അറിയപ്പെടുന്നതാര്?

ശ്രീബുദ്ധൻ

33.ഒരു കിലോ ബൈറ്റ് എത്ര ബൈറ്റാണ്?

1024

34.കംപ്യൂട്ടറിന്റെ തലച്ചോറ് എന്ന് അറിയപ്പെടുന്നത്?

C.P.U

35.ഏറ്റവും കൂടുതൽ ബുദ്ധിയുള്ള സസ്തനി?

ഡോൾഫിൻ

36.ഏറ്റവും കൂടുതൽ ഉപ്പുരസമുള്ള കടൽ?

ചാവുകടൽ

37.ഇന്ത്യയിലെ ഏറ്റവും പഴയ കൊടുമുടി ഏത്?

ആരവല്ലി

38.ഒരു കുരുവിയുടെ പതനം ആരുടെ ആത്മകഥയാണ്?

ഡോ.സലിം അലി

39.ഇന്ത്യയിലെ കൃത്രിമ തുറമുഖം ഏത്?

വെല്ലിംങ്ങ് ഐലന്റ്

40.ഇന്ത്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം?

കർണാടകയിലെ ജോഗ് വെള്ളച്ചാട്ടം

41 പാവപ്പെട്ടവരുടെ കഥകളിയേത്?

ഓട്ടൻതുള്ളൽ

42. കേരള വാത്മീകി?

വള്ളത്തോൾ നാരായണനേനോൻ

43.കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സ്ഥാപകൻ?

പി.എൻ.പണിക്കർ

44.ജനകീയകവി എന്ന് അറിയപ്പെടുന്നതാര്?

കുഞ്ചൻ നമ്പ്യാർ

45.മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ഖണ്ഡകാവ്യം?

വീണപൂവ്

46.വിപ്ലവ കവി എന്ന് അറിയപ്പെടുന്നതാര്?

വയലാർ രവിവർമ്മ

47.മലയാള ഭാഷയുടെ പിതാവ്?

എഴുത്തച്ഛൻ

48.ശ്രീനാരായണ ഗുരു സന്ദർശിച്ച ഏക വിദേശ രാജ്യം?

ശ്രീലങ്ക

49.പാവങ്ങളുടെ താജ്മഹൽ എന്ന് അറിയപ്പെടുന്നത്?

ബീബി-കാ-മക്ബാര

50.ഇന്ത്യ ഇന്തയക്കാർക്ക് എന്ന് മുദ്രാവാക്യം മുഴക്കിയതാര്?


ദയാനന്ദ സരസ്വതി

*കവിത

അമ്മു ആഗ്നസ്

# കണ്ണന്റെ അമ്മ

കണ്ടോ കണ്ണനെ?കണ്ണും ചുവന്നമ്മ
കാട്ടിൽ തേടി നടക്കുന്നു;
'കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ' കരി-
വണ്ടും തുമ്പിയും മൂളുന്നു.
'കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ' മലർ-
ച്ചെണ്ടുകൾ മിണ്ടാതെ നിൽക്കുന്നു.
കണ്ടിട്ടേയില്ല ഞാനെന്ന് പേടമാൻ
കണ്ണും നീട്ടിത്തിരിയുന്നു.
കണ്ണനിക്കാട്ടിലേ വന്നില്ലാ! കൊച്ചു
കാളിന്ദിയോളങ്ങൾ തുള്ളുന്നു.
കഴലു കഴച്ചു വലപ്പോളമ്മ
തിരിയെപ്പോവാൻ തുടങ്ങുന്നു
കാടിൻ നീലിച്ച ഹൃത്തിൽനിന്നപ്പോളൊ-
രോടക്കുഴൽവിളി പൊങ്ങുന്നു!
കമ്പു കരംവിട്ടു വീഴുന്നു; മുഖം
പുഞ്ചിരികൊണ്ടു തിളങ്ങുന്നു!
കണ്ണുംപൂട്ടി നിൻ അമ്മതൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു




-സുഗതകുമാരി

*ബ്രിട്ടീഷ് സൈന്യാധിപനും രാജ്യതന്ത്രജ്ഞനും.ഇന്തയയിലെ അവസാനത്തെ വൈസ്‌റോയിയും ആദ്യത്തെ ഗവർണർ ജനറലും.ഇന്ത്യാവിഭജന പദ്ധതി തയാറാക്കിയതും ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സൈനികവിഭജനം, നാട്ടുരാജ്യങ്ങളുടെ സംയോജനം എന്നീ കഠിനജോലികൾ അസാമാന്യ ഭരണപാഠവത്തോടെ നടപ്പാക്കുകയും ചെയ്ത മൗണ്ട് ബാറ്റൺ പ്രഭുവിന്റെ ആവേശകരമായ ജീവിതകഥ.

# മൗണ്ട് ബാറ്റൺ പ്രഭു

വിക്ടോറിയ മഹാറാണിയുടെ പേരക്കിടാവായി 1900 ജൂൺ 25 ന് ഇംഗ്ലണ്ടിലെ വിൻഡ്സറിൽ ജനിച്ചു.വിക്ടോറിയ രാജകുമാരിയും ലൂയി ഓഫ് ബാറ്റൺ ബർഗ് രാജകുമാരനുമായിരുന്നു മാതാപിതാക്കൾ.സ്കൂൾ വിദ്യാഭ്യാസത്തിനും ശേഷം നാവികസേനയിൽ ചേർന്നു.ഒന്നാം ലോകമഹായുദ്ധത്തിനുശേഷം കേംബ്രിഡ്ജിലെ ക്രൈസ്റ്റ് കോളജിൽനിന്നും ബിരുദം നേടി.രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാന്റെ അദീനതയിൽ നിന്നും ബർമ തിരികെപ്പിടിക്കുന്നതിനു നേതൃത്വം നൽകി.ലൂയി ഫ്രാൻസിസ് ആൽബർട്ട് വിക്ടർ നിക്കോളാസ് ഓഫ് ബാറ്റൺ ബർഗ് എന്നായിരുന്നു മൗണ്ട് ബാറ്റന്റെ ആദ്യ പേര്. ബാറ്റൺ ബർഗ് എന്ന കുടുംബപേര് . ഒന്നാം ലോകമഹായുദ്ധകാലത്ത് ജർമ്മൻവിരുദ്ധവികാരം ഇംഗ്ലണ്ടിൽ അലയടിക്കുമ്പോൾ പേര് മാറ്റാൻ കുടുംബംതീരുമാനിച്ചു. അങ്ങനെ ബാറ്റൺ ബർഗ് മൗണ്ട് ബാറ്റൺ അ



1921 ൽ വെയിൽസ് രാജകുമാരനൊപ്പം ഇന്ത്യ സന്ദർശിച്ചപ്പോൾ കണ്ടു മുട്ടി വിവാഹനിശ്ചയം നടത്തിയാണ് മൗണ്ട് ബാറ്റൺ തിരികെപ്പോയത്. 1922 ൽ അവർ തമ്മിലുള്ള വിവാഹം നടന്നു.1937 ൽ ബ്രിട്ടീഷ് നാവികസേനയിൽ ക്യാപ്റ്റനായി മൗണ്ട് ബാറ്റൺ നിയമിതനായി. രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരികൊണ്ടകാലം.സ്വന്തം മേൽനോട്ടത്തിൽ മൗണ്ട് ബാറ്റൺ രൂപകൽപന ചെയ്ത കെല്ലി എന്ന നശീകരണ കപ്പലിന്റെ ചുമതല അദ്ദേഹം ഏറ്റെടുത്ത് ശത്രുവേട്ട തുടങ്ങി.ജർമ്മൻ ബോംബിങ്ങിൽ പൊട്ടിത്തെറിച്ച കെല്ലിയെ മറ്റോരു കപ്പലിനോട് ചേർത്തുകെട്ടി മൗണ്ട് ബാറ്റൺ രക്ഷപ്പെടുത്തിയ കഥ പ്രസിദ്ധമാണ്. ഈ സാഹസിക കഥ പിന്നീട് 'ഇൻ വിച്ച് വീ സെർവ് ' എന്ന പേരിൽ ചലച്ചിത്രമായി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ മൗണ്ട് ബാറ്റണെ കാത്തിരുന്നത് ഭാരിച്ച ചുമതലയായിരുന്നു.ഇന്ത്യയ്ക്ക് സ്വാതന്ത്രം നൽകാൻ ബ്രിട്ടൺ അവസാന തീരുമാനം എടുത്തുകഴിഞ്ഞിരുന്നുവെങ്കിലും അതെങ്ങനെ എന്നറിയാതെ പ്രധാന മന്ത്രി ക്ലമന്റ് ആറ്റ്‌ലി കുഴങ്ങുന്ന നിർണായക ഘട്ടം.ബ്രിട്ടനും ഇന്ത്യയും തമ്മിലുള്ള നൂറ്റാണ്ടുകൾ നീണ്ട ബന്ധശൃംഖലകൾ വെട്ടിമുറിക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വം ആറ്റ്‌ലി മൗണ്ട് ബാറ്റണെ ഏൽപിച്ചു.1947 മാർച്ച് 24 ന് മൗണ്ട് ബാറ്റൺ ഇന്ത്യയിലെ അവസാന വൈസ്രോയിയായി ചുമതലയേറ്റു.ഇന്ത്യാ വിഭജന പദ്ധതി തയ്യാറാക്കി ഇന്ത്യയിലെ രാഷ്ട്രീയ കക്ഷികളെക്കൊണ്ടും ബ്രിട്ടീഷ് ഗവൺമെന്റിനെക്കൊണ്ടും അംഗീകരിപ്പിച്ചു.1948 ജൂൺ 21 ന് മൗണ്ട് ബാറ്റൺ ഇന്ത്യയിലെ ഗവർണർ ജനറൽ പദവിയൊഴിഞ്ഞു. മൗണ്ട് ബാറ്റണും പത്നിക്കും മകൾക്കും വികാരനിർഭരമായ യാത്രയയ്പ്പാണ് ഇന്ത്യ നൽകിയത്. ഇംഗ്ലണ്ടിലെത്തിയ അവരെ പ്രധാനമന്ത്രി ആറ്റ്‌ലിയും ഫിലിപ്പ് രാജകുമാരനും ചേർന്ന് വിമാനത്താവളത്തിൽ സ്വീകരിച്ചു.പ്രവർത്തന മേഖലകളിലെല്ലാം പ്രാഗത്ഭ്യം തെളിയിച്ച മൗണ്ട് ബാറ്റണ് എവിടെയും ലഭിച്ചത് വീരോചിതമായ വരവേൽപ്പുകളായിരുന്നു.*1979* ആഗസ്റ്റ്*29* ന് അയർലണ്ടിലേക്ക് നടത്തിയ വേനൽക്കാല യാത്ര മൗണ്ട് ബാറ്റന്റെ അന്ത്യ യാത്രയായി.ഷാഡോ എന്ന ബോട്ടിൽ സഞ്ചരിക്കുകയായിരുന്ന മൗണ്ട് ബാറ്റണേയും കുടുംബത്തെയും ഐറിഷ് തീവ്രവാദികൾ അപ്രതീക്ഷിതമായി ആക്രമിച്ചു.ബോംബാക്രമണത്തിൽ അദ്ദേഹം കൊല്ലപ്പെട്ടു.

## *ശാസ്ത്രം




1.റെക്റ്റിഫയേഴ്സ് ഉപയോഗക്കുന്നത് ഏതു മാറ്റത്തിനാണ്?

A.C to D.C

2.വൈദ്യുതചാർജ്ജിന്റെ യൂണിറ്റേത്?

കൂളോം

3.സാന്ദ്രത അളക്കുന്ന ഉപകരണം?

ഹൈഡ്രോമീറ്റർ

4.നക്ഷത്രങ്ങളിലേക്കുള്ള ദൂരം അളക്കുന്ന യൂണിറ്റ്?

പ്രകാശവർഷം

5.ശബ്ദം ഏറ്റവും കൂടുതൽ വേഗത്തിൽ സഞ്ചരിക്കുന്ന മാധ്യമം?

സ്റ്റീൽ

6.സൂര്യപ്രകാശത്തിൽ നിന്നും ലഭിക്കുന്ന വിറ്റാമിൻ?

വിറ്റാമിൻ ഡി

7.എയർക്രാഫ്റ്റ് നിർമിക്കാൻ ഉപയോഗിക്കുന്ന ലോഹം?

ടൈറ്റാനിയം

8.മർദ്ദത്തിന്റെ യൂണിറ്റ്?

പാസ്ക്കൽ

9.പ്രതിരോധത്തിന്റെ യൂണിറ്റ്?

ഓം

10.ആവിയന്ത്രം കണ്ടുപിടിച്ചതാര്?

ജയിംസ് വാട്ട്

11.യന്ത്രങ്ങളുടെ പവർ അളക്കുന്ന യൂണിറ്റ്?

കുതിരശക്തി

12.സി.എൻ.ജി യുടെ പ്രധാന ഘടകം ഏത്?

മീഥെയ്ൻ

13.അന്തരീകഷത്തിൽ ഏറ്റവും കൂടുതൽ അടങ്ങിയരിക്കുന്ന വാതകം?

നൈട്രജൻ

14.ഹൈട്രജൻ കണ്ടുപിടിച്ചതാര്?

ഹെൻഡ്രി കാവൻഡിഷ്

15.ഏറ്റവും ഭാരം കുറഞ്ഞ വാതകം?

ഹൈഡ്രജൻ

16.ഇലക്ട്രോൺ കണ്ടുപിടിച്ചതാര്?

ജെ.ജെ.തോംസൺ

17.വാട്ടർ ഗ്യാസ് എന്ന് അറിയപ്പെടുന്നത്?

$CO+H_2$

18.ജലം എത്ര ഡിഗ്രി സെൽഷ്യസ്സൽ ആണ് തിളയ്ക്കുന്നത്?

100 ◦ C

19.നീലഗ്രഹം എന്ന് അറിയപ്പെടുന്നത്?

ഭൂമി

20.നാഡിവ്യവസ്ഥയുടെ പ്രവർത്തന യൂണ്റ്റ്?

ന്യൂറോൺ

21.ആരോഗ്യത്തെക്കുറിച്ചുള്ള പഠനം?

ഹൈജീൻ

22.പാരമ്പര്യത്തെക്കുറിച്ച് പഠിക്കുന്ന  ജൈവശാസ്ത്രം?

ജനിതക ശാസ്ത്രം

23.രാമാനുജൻ സംഖ്യ എത്ര?

1729

24.ലോകത്തിലെ ഏറ്റവും വലിയ നദി?

നൈൽ

25.ലോകത്തിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം?

ഏഞ്ചൽ വെള്ളച്ചാട്ടം.

26.ലോകത്തിലെ ഏറ്റവും ആഴമുള്ള തടാകം?

ബേക്കൽ

26.സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവാര്?

ആഡംസ്മിത്ത്

27.ഗണിതശാസ്ത്രത്തിന്റെ ബൈബിൾ എന്ന് അറിയപ്പെടുന്ന ഗ്രന്ഥം?

എലിമെന്റ്സ്

28.ശാസ്ത്രങ്ങളുടെ റാണി?

ഗണിതം

29.ക്രെപകർ സംഖ്യ?

6174

30.ബൈനോമിയൽ സിദ്ധാന്തം ആവിഷ്കരിച്ചത്?

ന്യൂട്ടൺ

ആന്റണി

*സ്വന്തം ജീവിതത്തിൽ ഒരുപാട് പ്രശനങ്ങൾ നേരിട്ടുകൊണ്ടിരുന്നപ്പോഴും മറ്റുള്ളവരെ ചിരിപ്പിക്കാൻ ശ്രമിച്ച വ്യക്തിയാണ് ചാർളി ചാപ്ലിൻ.ഇതാ അദ്ദേഹത്തിന്റെ ഒരു ഉദ്ദരണി-

**"ഒരേ തമാശ കേട്ട്**

**നിങ്ങൾക്ക് വീണ്ടും വീണ്ടും**

**ചിരിക്കാൻ കഴിയുന്നില്ലെങ്കിൽ**



**എന്തിനാണ്**

**ഒരേ സങ്കടമോർത്ത്**

**നിങ്ങൾ വീണ്ടും വീണ്ടും**

**കരയുന്നത് "**

**ചാർലി ചാപ്ലിൻ**

*ലേഖനം

ഫ്രഡി ബിനു

## വിദ്യാർത്ഥികളും വായനാശീലവും

വിദ്യാർഥികളായ നമ്മുടെ ഒന്നാമത്തെ കടമ അറിവുനേടുകയാണ്. അറുവുനേടാനുള്ള വഴികൾ എന്തെല്ലാമാണ്?അധ്യാപകൻ നമ്മെ പഠിപ്പിക്കുന്നു.പത്രമാസികകളും, റേഡിയോ, ടി.വി എന്നീ മാധ്യമങ്ങളും അറിവ് നൽകുന്നു. നമുക്കു കിട്ടുന്ന പല അനുഭവങ്ങളുംഅറിവായി മാറുന്നു. ഇപ്രകാരം നാനാതരത്തിലാണ് നമ്മൾ അറിവുള്ളവരായിത്തീരുന്നത്. എന്നാൽ ഇപ്പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മാർഗമാണ് വായന.ശരിയായ വായനാശീലത്തിലൂടെ അറിവിന്റെ അനന്തചക്രവാളങ്ങളിലേക്ക് കടന്നുചെല്ലാൻ നമുക്കു കഴിയും.വിജ്ഞാനവും വനോദവും നൽകുന്ന എത്രയോ പുസ്തകങ്ങൾ നമുക്കു ലഭ്യമാണ്. കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കാൻ വായനയ്ക്കുള്ള പങ്ക് വളരെ വലുതാണ്.മനുഷ്യമനസ്സിനെ ഉണർതാതനും ഉയർത്താനും നല്ല നല്ല പുസ്തകങ്ങൾക്ക് കഴയുമെന്ന് മഹാനായ ടോൾസ്റ്റോയി പറഞ്ഞിട്ടുണ്ട്.




ലോകം കണ്ടിട്ടുള്ള നേതാകന്മാരിൽ പലരും നല്ല വായനാശീലം കൈമുതലായി ഉള്ളവരായിരുന്നു. ഒരു പുസ്തകം വായിക്കാൻ വളരെയധികം ക്ലേശങ്ങൾ സഹിച്ച എബ്രഹാം ലിങ്കണിന്റെ കഥ ആരേയും ആവേശഭരിതരാക്കും.മഹത്തായ പുസ്തകങ്ങൾ എഴുതിയ നമ്മുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹറു മികച്ച വായനക്കാരനായിരുന്നു.പ്രഥമ പ്രസിഡന്റായിരുന്ന രാജേന്ദ്രപ്രസാദാകട്ടെ തന്റെ അറിവിന്റെ പകുതിയും വായനയിലൂടെ ലഭിച്ചതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

'വായന മനുഷ്യനെ പൂർണനാക്കുന്നു'എന്ന് മഹാനായ ഫ്രാൻസീസ് ബേക്കൺ പറഞ്ഞത് ഇവിടെ സ്മരണീയമാണ്. നല്ല കൃതികൾ മനുഷയമനസ്സിനെ സംസ്കരിച്ച് ശുദ്ധമാകുന്നു.അതിന് പത്രമാസികകൾ മാത്രം വായിച്ചാൽ പോരാ. അവ വായിക്കണം,പക്ഷേ,ഒപ്പംതന്നെ മറ്റു പുസ്തകങ്ങളും വായിക്കണം.മഹാന്മാരുടെ ജീവചരിത്രങ്ങളും ആത്മകഥകളും നമുക്ക് വലിയ പ്രചോദനം നൽകും.കൂടാതെ കഥകൾ,കവിതകൾ,നോവലുകൾ,നാടകങ്ങൾ തുടങ്ങിയ വിവിധ  വിഭാഗങ്ങളിൽപ്പെടുന്ന കൃതികളും വായിക്കണം.

വായന ഒരു വിനോദോപാദിയാണ്.വിശ്രമവേളകളിൽ അത് ചെയ്യാവുന്നതാണ്.വായന ഒരു കലയുമാണ്. കമ്പ്യൂട്ടറിന്റെയും  ഇന്റർനെറ്റിന്റെയും ഈ കാലഘട്ടത്തിലും പുസ്തകങ്ങൾക്കും വായനാശീലത്തിനും അർഥവും ലക്ഷ്യവുമുണ്ട്.ഏറ്റവും ചിലവു കുറഞ്ഞതും ഫലം തരുന്നതുമായ വിജ്ഞാന-വിനോദോപാദിയാണ് വായന.അതിനാൽ പഠനകാലത്തുതന്നെ വായനാ ശീലം നാം വളർത്തിയെടുക്കണം.സ്കൂളിലും കോളേജിലും ഉള്ള പഠനം അവസാനിപ്പിച്ചാലും സ്വയം പഠിക്കാനും അറിവുനേടുവാനും അങ്ങനെ ജീവിതവിജയം സ്വന്തമാക്കാനും വായനാശീലം നമ്മെ സഹായിക്കും.

# നന്ദിയുടെ ഒരു വാക്ക്

വ്യൂമൊട്ടുകളെ പൂര്ണതയിലെ എത്തിക്കാൻ പ്രകൃതി കനിഞ്ഞു വയ്ക്കുന്ന ഹിമകനകൾക്കും ഇളം കാറ്റിനും ആ പൂച്ചെടി എന്നും നാനാദി ഉള്ളവൾ ആയിരിക്കും..........നന്ദി സൂചകമായി ഒരു മനോഹര പുഷ്പ്പം വിരിയിച്ച അത് പ്രകൃതിയ്ക്ക് സൗന്ദര്യമേകുന്നു. അതുപോലെ ഞങ്ങളിലെ ചെറു സാഹിത്യരചനകളെ വിരിയിക്കാൻ സഹായമേകിയ ഏവർക്കും ലിറ്റിൽ കൈറ്റ്സ് ന്റെ നന്ദിയുടെ നറു മലരുകൾ ..............

